**ഭരണഭാഷ - മാതൃഭാഷ**

**DCETVM/10172/2024-UGC Cell 5**

കോളേജ് വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം.
തീയതി : **28-11-2024**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

കോളേജ് പ്രിൻസിപ്പാൾമാർക്ക്.

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - യു.ജി.സി. സെൽ - ഗവണ്മെന്റ് കോളേജ് - അസോസിയേറ്റ് പ്രൊഫസർ പ്ലേയ്സ്മെന്റ് - അപേക്ഷ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1) **2018** -ലെ ഏഴാം യു.ജി.സി. റഗുലേഷന്റെ **07.06.2024** തീയതിയിലെ നാലാം അമെൻഡ്മെന്റ്.
2) ഏഴാം യു.ജി.സി. റഗുലേഷന്റെ **23.08.2023** തീയതിയിലെ മൂന്നാം അമെൻഡ്മെന്റ്.
3) സർക്കാർ കത്ത് **No** സി **3 / 35 / H Edn dated 18 .06 .24**
4) സർക്കാർ കത്ത് **No C 3 / 35 / H Edn dated 22 .07 .24**

സൂചന **(1)** പ്രകാരം ആറാം യു.ജി.സി. റഗുലേഷൻ **2010** അനുസരിച്ചുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീം **31.12.2024** വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. സൂചന **(4)** പ്രകാരം സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ഈ സൗകര്യം പ്രയോജനപ്പെടുത്തി അസോസിയേറ്റ് പ്രൊഫസർ (അക്കാദമിക് ലെവൽ **13 A** വരെയുള്ള പ്ലെയ്സ്മെന്റുകൾക്ക് ജനുവരി **2025** സെഷനിൽ അപേക്ഷിക്കാവുന്നതാണ്. ഏഴാം യു.ജി.സി റഗുലേഷൻ നിലവിൽ വന്ന തീയതിയായ **18.07.2018** -ന് മുമ്പ് വരെ **(17.07.2018** വരെ) എ.പി.ഐ. സ്കോറിൽ റിലാക്സേഷനോട് കൂടിയും **18.07.2018** മുതൽ **31.12.2024** വരെ റിലാക്സേഷൻ ഇല്ലാതെയുമുള്ള എ.പി.ഐ. സ്കോർ നിർണ്ണയിച്ചുമാണ് പ്ലെയ്മെന്റുകൾക്ക് അപേക്ഷിക്കേണ്ടത്. അപേക്ഷിക്കുന്നവരുടെ സൗകര്യാർത്ഥം ആയതിലേയ്ക്കുള്ള ഫോമുകൾ അനക്സർ **I (17.07.2018** വരെ ഡ്യൂ ആകുന്നവർക്ക്) അനക്സർ **II (18.07.2018** മുതൽ **31.12.2024** വരെ ഡ്യൂ ആകുന്നവർക്ക്) എന്നിങ്ങനെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ജൂലൈ, **2024** സെഷനിൽ ഓപ്ഷൻ ബി പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള അദ്ധ്യാപകർക്ക് നിലവിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പിൻവലിച്ച് മേൽ സൗകര്യം പ്രയോജനപ്പെടുത്തി പുതിയ അപേക്ഷ നൽകാൻ താൽപര്യമുള്ള പക്ഷം ആയതിന് ഒരു അവസരം ഇതോടൊപ്പം നൽകുന്നു.

സൂചന **(2)**, **(3)** പ്രകാരം ഓറിയന്റേഷൻ/റിഫ്രഷർ കോഴ്സുകൾ വൈകി

പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് ഇതൊഴികെ മറ്റു നിർദ്ദിഷ്ട യോഗ്യതകൾ സമയബന്ധിതമായി നേടിയിട്ടുണ്ടെങ്കിൽ അവരുടെ ഡ്യൂ ഡേറ്റിൽ പ്ലെയ്സ്മെന്റുകൾ ക്രമീകരിച്ച് ലഭിക്കാനായി നിശ്ചിത മാതൃകയിൽ (അനക്സർ III) അപേക്ഷിക്കാവുന്നതാണ്. നിലവിൽ പ്ലെയ്സ്മെന്റ് ലഭിച്ച തീയതിയും ക്രമീകരിച്ച് ലഭിക്കേണ്ട തീയതിയും വ്യക്തമാക്കുന്ന അപേക്ഷകൾ ഐ.ക്യൂ.എ.സി. പരിശോധനയ്ക്ക് ശേഷം സ്ക്രീനിംഗ് കമ്മിറ്റി കൂടി പാസാക്കേണ്ടതും ആയതിന്റെ മിനിട്സും അനുബന്ധ രേഖകളും സഹിതം കോളേജ് വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് യഥാവിധി അയയ്ക്കേണ്ടതുമാണ്. അസോസിയേറ്റ് പ്രൊഫസർ പ്ലെയ്സ്മെന്റ് തീയതി പ്രകാരം ക്രമീകരിച്ച് ലഭിക്കേണ്ടവർ അപേക്ഷകർ ഐ.ക്യു.എ.സി. പരിശോധനയ്ക്ക് ശേഷം ബന്ധപ്പെട്ട രേഖകൾ സഹിതം കോളേജ് വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് സെലക്ഷൻ കമ്മിറ്റി പരിശോധനയ്ക്കായി യഥാവിധി അയയ്ക്കേണ്ടതുമാണ്. ഈ സൗകര്യം പ്രയോജനപ്പെടുത്തി ക്രമീകരണം നടത്തി പുതിയ ഓർഡർ ലഭിച്ച ശേഷം മാത്രമേ തുടർന്നുള്ള സ്റ്റേജുകളിലേയ്ക്കുള്ള പ്ലെയ്സ്മെന്റിന് അപേക്ഷ സമർപ്പിക്കേണ്ടതുള്ളു.പൊതു നിർദ്ദേശങ്ങൾ, **API score** വിശദാംശങ്ങൾ, നേടേണ്ട മിനിമം **API score** എന്നിവ **Annexure IV** ആയി നൽകിയിട്ടുണ്ട്

വിശ്വസ്തതയോടെ,

Signed by
Sudhir K
Date: 28-11-2024 19:50:49

സുധീർ കെ **IAS**,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ